ശുദ്ധജലവിതരണത്തിനു വരുത്തേണ്ട മാറ്റങ്ങൾ

145 (2602) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജലവിതരണ രംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ആസൂത്രണ ബോർഡ് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത നിർദ്ദേശങ്ങളിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പ്രാദേശിക നീർത്തട പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) കുറഞ്ഞ ചെലവിലും സാങ്കേതിക സഹായത്തിലും നടപ്പാക്കാവുന്ന നീർത്തട പദ്ധതികൾ എന്നതു കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) സംസ്ഥാനത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ പ്രാദേശിക നീർത്തട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) സംസ്ഥാനത്ത് പ്രാദേശിക നീർത്തട പദ്ധതികളുടെ നടത്തിപ്പിനായി വാട്ടർ അതോറിറ്റിയുടെ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഗ്രാമപ്രദേശങ്ങളിൽ ജലലഭ്യത ആളൊന്നിന് പ്രതിദിനം 40 ലിറ്ററും നഗര പ്രദേശങ്ങളിൽ 70 ലിറ്ററും ആയി ഉയർത്തിക്കൊണ്ട് രണ്ടായിരമാണ്ടോടെ എല്ലാപേർക്കും ആവശ്യമായ വെള്ളം ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതികൾ പൂർത്തിയിക്കുക, കുഴൽ കിണറുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുക, പ്രാദേശിക സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ചെറിയ ജലസംരക്ഷണ പദ്ധതികളുടെ പൂർത്തീകരണം, പരമ്പരാഗതമായ ജലസ്രോതസുകൾ പുനർജീവിപ്പിക്കുക എന്നീ വിവിധ പരിപാടികൾ കേരള വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, പ്രാദേശിക സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ സംരഭത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ ആരംഭിച്ചതും പൂർത്തിയാക്കുനുള്ളതുമായ പദ്ധതികൾ പൂർത്തീയാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിർദ്ദേശങ്ങളുടെയടിസ്ഥാനത്തിലാണ് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

(ജി) നടപടി സ്വീകരിക്കുന്നതാണ്.

മരട് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം

146 (2604) ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ മരട് പഞ്ചായത്തിൽ നെട്ടൂർ പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും ആശ്വാസ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) എം. 858 നമ്പരിലുള്ള ഗാർഹിക ഉപഭോക്താവിന് കഴിഞ്ഞ ഒരു വർഷമായി കുടിവെള്ളം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടും നടപടിയെടുക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത ഉപഭോക്താവിന് കുടിവെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പരാതിക്കാരനിൽ നിന്നും കഴിഞ്ഞ ഒരു വർഷം ഈടാക്കിയ വെള്ളക്കരം തിരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയിൽ നിന്നും മരട്, ചെല്ലാനം, കുമ്പളങ്ങി, കുമ്പളം ഭാഗത്തേക്ക് ആവശ്യമായ ജലത്തിന്റെ 10 ശതമാനം പോലും നൽകാൻ സാധിക്കുന്നില്ല. ദുരുപയോഗം തടയുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആലുവായിൽ നിന്നും അധികമായി ശുദ്ധജലം കൊച്ചിയിലുള്ള പമ്പ് ഹൗസുകളിൽ എത്തിച്ചാൽ മാത്രമേ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിനു ഒരു ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ. ഹഡ്കോ ഡി.എഫ്.ഐ.ഡി. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇതിന് ഒരു പരിഹാരം കാണാൻ കഴിയും.

(ബി) എം 858 നമ്പരിലുള്ള ഗാർഹിക ഉപഭോക്താവിന്റെ പരാതിയിന്മേൽ അന്വേഷണം യഥാസമയം നടത്തിയിട്ടുണ്ട്. ഇപ്പോൾ മരട് വില്ലേജിൽ ആവശ്യമുള്ളതിന്റെ 25 ശതമാനവും വെള്ളം മാത്രമേ വിതരണം ചെയ്യുവാൻ കഴിയുന്നുള്ളൂ. അതിനാൽ മരട് വില്ലേജിൽ പല സ്ഥലങ്ങളിലും വെള്ളം മതിയായ മർദ്ദത്തിലും അളവിലും എത്തിക്കുവാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly